# താലന്ത് പരിശോധന 2027

## കേന്ദ്ര താലന്ത് പരിശോധന – 22 മെയ് 2027 ശനി

നമ്മുടെ വിവിധ കഴിവുകളും സാധ്യതകളും ദൈവം നമുക്ക് നൽകിയിരിക്കുന്ന താലന്തുകളാണല്ലോ. ഈ വരദാനങ്ങളെ നന്ദിയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന അവസരങ്ങളായി താലന്തു പരിശോധനകളെ വിനിയോഗിക്കണം. ഓരോ വകുപ്പിലും പ്രത്യേകമായാണ് താലന്തു പരിശോധന നടക്കുന്നത്.

**കഥാകഥനം** : ശിശുവകുപ്പ്, ബാലവകുപ്പ്, കുമാരവകുപ്പ് എന്നീവിഭാഗങ്ങളിൽ കഥാകഥനം ഉണ്ടായിരിക്കും. കഥ വേദപുസ്തകത്തിൽനിന്നുള്ളതായിരിക്കണം. കഥ പറയുന്നതിന് 5 മിനിറ്റ് സമയം ഉപയോഗിക്കാം. കഥാപ്രസംഗരീതി അനുവദനീയമല്ല.

**പ്രസംഗം** : മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ്, യുവവകുപ്പ് എന്നീ വകുപ്പുകൾക്ക് പ്രസംഗം ഉണ്ടായിരിക്കും. പ്രസംഗ സമയം 4 മിനിട്ട്. വിഷയം അരമണിക്കൂർ മുമ്പ് വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്. പ്രസംഗത്തിനുള്ള വിഷയം ലഭിച്ചതിനു ശേഷം ബുക്ക്, ബൈബിൾ, മറ്റ് ഉപകരണങ്ങൾ ആദിയായവ ഉപയോഗിക്കുവാൻ പാടുള്ളതല്ല. പ്രസംഗസമയത്തും മേൽപറഞ്ഞവ ഉപയോഗിക്കുവാൻ പാടില്ല.

**ഉപന്യാസ രചന**: മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ്, യുവവകുപ്പ് വിഭാഗങ്ങൾക്ക് ഉപന്യാസ രചന ഉണ്ടായിരിക്കും. 600 വാക്കുകളിൽ കവിയാൻ പാടില്ല. തയ്യാറെടുപ്പുൾപ്പെടെ ഒന്നരമണിക്കൂർ ആണ് അനുവദിച്ചിട്ടുള്ളത്. സൺഡേസ്കൂൾ അദ്ധ്യാപകർക്കായി വകുപ്പ്അടിസ്ഥാനത്തിലല്ലാതെ ഉപന്യാസ രചന നടത്തുന്നതാണ്.അദ്ധ്യാപകരും അദ്ധ്യാപികമാരും വെവ്വേറെ വിഭാഗങ്ങൾ ആയിരിക്കും കുറിപ്പുകൾ തയ്യാറാക്കുവാനും ഉപന്യാസ രചനയ്ക്കും സീൽ ചെയ്ത പേപ്പർ നൽകുന്നതാണ്. തയ്യാറാക്കിയ കുറിപ്പും ഉപന്യാസത്തോടൊപ്പം തിരികെനൽകേണ്ടതാണ്. ഉപന്യാസത്തിനുള്ള വിഷയം ലഭിച്ചതിനു ശേഷം ബുക്ക്, ബൈബിൾ, മറ്റ് ഉപകരണങ്ങൾ ആദിയായവ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

**സംഗീതം** : നഴ്സറി മുതൽ യുവവകുപ്പ്വരെ എല്ലാവർക്കും പങ്കെടുക്കാം. കുമാരവകുപ്പ്, മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ്, യുവവകുപ്പ് എന്നീ വകുപ്പുകളിൽ മാത്രം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം നടത്തപ്പെടുന്നതാണ്. സന്ദർശിനിയിൽ നൽകിയിരിക്കുന്ന പ്രകാരം പൗരസ്ത്യ രീതിയിലും, പാശ്ചാത്യ രീതിയിലും ഗാനങ്ങൾ പാടേണ്ടതാണ്. പാട്ടുകൾ ക്രിസ്തീയ കീർത്തനങ്ങളിൽ നിന്നുള്ളവയാണ്. നമ്പർ പുതിയ പതിപ്പിലേതും (2017)

താലന്തുപരിശോധനയിലെ സംഗീത വിഭാഗത്തിലുള്ള ഗീതങ്ങൾ youtubeൽ ലഭ്യമാണ്.
samajam websiteൽപാട്ടുകളുടെ ലിങ്ക്നൽകിയിട്ടുണ്ട്.
കൂടുതൽ വിവരങ്ങൾക്ക് സമാജം ആഫീസുമായി ബന്ധപ്പെടുക.
website : samajam.marthoma.in/downloads
സമാജം : 04692600655, 9188250655

Talent Test and Divyasangeethotsavam English Instructions available at Samajam Website